എ.ഡി.(1)5971/2017

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
ജവഹർ സഹകരണ ഭവൻ, 5–ാം നില,
ഡി.പി.ഐ ജംഗ്ഷൻ, തൈക്കാട് പി.ഒ,
തിരുവനന്തപുരം, പിൻ– 695014,
ഫോൺ നം–0471–2304418
ഇ–മെയിൽ–keraladca.coop@kerala.gov.in
Keraladca@gmail.com തീയതി 17/11/2017

## സർക്കുലർ. നമ്പർ. 2/2017

വിഷയം:– സഹകരണ വകുപ്പ് – ആഡിറ്റ് – സഹകരണ സംഘങ്ങൾ/ബാങ്കുകൾ/ സഹകരണ സ്ഥാപനങ്ങൾ – സഹകരണ പെൻഷൻ പദ്ധതി – സഹകരണ സംഘങ്ങളുടെ വാർഷിക ആഡിറ്റിൽ പെൻഷൻ ഫണ്ടിന് കരുതൽ വയ്ക്കുന്നത് – സംബന്ധിച്ച്.

സൂചന:– 1) ബഹു.സഹകരണ സംഘം രജിസ്ട്രാറുടെ 19/11/2012 ലെ 44/2012 നമ്പർ സർക്കുലർ.

2) അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, കേരള സംസ്ഥാന സഹകരണ പെൻഷൻ ബോർഡിന്റെ 07/10/2017 ലെ പി.ബി/പി.ആർ.ഒ.1818/2017 നമ്പർ കത്ത്.

സഹകരണ ജീവനക്കാരുടെ പെൻഷൻ വിഹിതം യഥാസമയം സഹകരണ പെൻഷൻ ബോർഡിൽ ഒടുക്കുന്നതിന് കാലതാമസം വരുന്നതായും പലിശ ഒടുക്കേണ്ടിവരുന്നതായും കാണുന്നു. പ്രസ്തുത പലിശ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതിന് സൂചന (1) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശമ്പള പരിഷ്കരണം, ഡി.എ, വാർഷിക ഇൻക്രിമെന്റ് തുടങ്ങിയ കാരണങ്ങളാൽ ഉണ്ടാകുന്ന വേതന വർദ്ധനവിനനുസരിച്ച് യഥാസമയം ഫണ്ട് അടവാകാതെ വരുമ്പോൾ കുടിശ്ശികയ്ക്ക് നിയമാനുസൃതമായ പലിശ ഒടുക്കേണ്ടതായിവരുന്നു. ഇപ്രകാരം കുടിശ്ശികയും പലിശയും സഹകരണ സംഘങ്ങൾ യഥാസമയം ഒടുക്കാത്തതു കാരണം ജീവനക്കാരന് അർഹതപ്പെട്ട പെൻഷൻ യഥാസമയം ലഭിക്കാതെ വരുന്നു. ഈ വിഷയം സംബന്ധിച്ച് പരാതികളും കോടതി നടപടികളും ഉണ്ടാകുന്ന സാഹചര്യത്തിൽ പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരുടെ അതാത് വർഷത്തെ പെൻഷൻ ഫണ്ട് തുക കൃത്യമായി അടച്ചിട്ടുണ്ടെന്ന് ആഡിറ്റർമാർ ഉറപ്പുവരുത്തേണ്ടതും അല്ലാത്തപക്ഷം കുടിശ്ശികത്തുകയ്ക്കും ആയതിന്മേലുള്ള പലിശയ്ക്കും ആഡിറ്റിൽ കരുതൽവയ്ക്കുന്നതിനും നിർദ്ദേശിക്കുന്നു.

ഒപ്പ്
**വി. സനൽകുമാർ, ഐ.എ.എസ്**
സഹകരണ ആഡിറ്റ് ഡയറക്ടർ

പകർപ്പ് :–
1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. എല്ലാ ജില്ലാ സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും,
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (ജോയിന്റ് ഡയറക്ടർമാർ മുഖേന)
4. സമകാല ആഡിറ്റർമാർ, എല്ലാ അപെക്സ്, റീജിയണൽ, സെൻട്രൽ സഹകരണ സംഘങ്ങളും
5. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
6. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

സഹകരണ ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ